# പ്രവർത്തനങ്ങൾ - വിശദീകരണം

## പ്രീ-ടെസ്റ്റ്

താഴ്ന്ന ക്ലാസുകളിൽ കൈവരിക്കേണ്ട അടിസ്ഥാന ആശയങ്ങളിൽ പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് കൈവരിക്കാനുള്ള അവസരം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി പ്രി-ടെസ്ററിലൂടെ കുട്ടികളുടെ നിലനിർണയം നടത്തുന്നു. പരിഹാരബോധത്തിനാവശ്യമായ പ്രത്യേക പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. നടപ്പിലാക്കുന്നു. ആദ്യ പാദവാർഷികമൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ ഫലപ്രാപ്തി വിലയിരുത്തുന്നു. തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## ശാസ്ത്രകൗതുകം

3,4,5 ക്ലാസുകളിലെ 20 പേരുള്ള ക്ലബ് രൂപീകരിക്കുന്നു. ഒരാഴ്ചയിൽ ഒരു പരീക്ഷണം എന്ന ക്രമത്തിൽ ശാസ്ത്രപരീക്ഷണങ്ങളുടെ പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു. ഓരോ ആഴ്ചയിലും പ്രദർശിപ്പിക്കേണ്ട പരീക്ഷണങ്ങൾ തെരഞ്ഞെടുത്ത് ഓരോ ഗ്രൂപ്പിന് പരിശീലനം നൽകുന്നു. എല്ലാ കുട്ടികളും കാണത്തക്കവിധം പ്രദർശിപ്പിക്കുന്നു. പരീക്ഷണക്കുറിപ്പ് ഓരോ കുട്ടിയും എഴുതി തയ്യാറാക്കുന്നു.

ജനുവരി അവസാനവാരം പഞ്ചായത്ത് തല ശില്പശാല നടത്തുന്നു. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു.

**ലോകജാലകം**

വിവിധ വൈജ്ഞാനിക മേഖലകളിലെ ചോദ്യങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ (3,4,5) ഇവ SRG യിൽ അവതരിപ്പിക്കുന്നു. ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ എല്ലാ തിങ്കളാഴ്ചയും പ്രദർശിപ്പിക്കുന്നു.(25 എണ്ണം വീതം) ഉത്തരങ്ങൾ ലോകജാലകം എന്ന ബുക്കിൽ കുട്ടികൾ രേഖപ്പെടുത്തുന്നു. ക്ലാസ് ടീച്ചർ പരിശോധിച്ച് ഗ്രേഡു നൽകുന്നു. ഉത്തരങ്ങൾ വെള്ളിയാഴ്ച നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. മാസാവസാനം പ്രശ്നോത്തരി നടത്തുന്നു. സ്കോർ പ്രവർത്തനപുരോഗതി രേഖയിൽ രേഖപ്പെടുത്തുന്നു. ഫെബ്രുവരി അവസാനവാരം ലോകജാലകം-മെഗാ ക്വിസ് (100 ചോദ്യങ്ങൾ സമയം 2 മണിക്കൂർ 50% വാർത്താധിഷ്ഠിതം 50 ജ്ഞ-പാഠഭാഗം മൾട്ടിപ്പിൾ ചോയ്സ്) നടത്തുന്നു. 70%മാർക്ക് നേടിയ കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ - ട്രോഫി ഇവ നല്കി അനുമോദിക്കുന്നു.

**സ്കൂൾ തല ശാസ്ത്രമേള**

ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കുന്നു. SRG യിൽ ചർച്ച ചെയ്ത് വിഭവസമാഹരണം, ആസൂത്രണം,ഒരുക്കം ഇവ നടത്തുന്നു. നവംബർ ആദ്യവാരം മേള സംഘടിപ്പിക്കുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.

**പരിസ്ഥിതി ക്ലബ്- സൗഗന്ധ്യം**

കുട്ടികളിൽ പരിസ്ഥിതി സംരക്ഷണത്തിനുള്ള താല്പര്യം ഉണ്ടാക്കുന്നതിനായ് ഔഷധതോട്ട നിർമ്മാണം ഗുണത്തെ അടിസ്ഥാനമാക്കി പ്രായോഗികാവശ്യത്തിന് വിനിയോഗിക്കുന്ന രീതിയിൽ നിർമ്മാണം ഫീൽഡ് ട്രിപ്പ് കമ്പോസ്റ്റ് നിർമ്മാണ പരിശീലനം ഇവ സംഘടിപ്പിക്കുന്നു.

## ജൈവവൈവിധ്യപാർക്ക്(അക്കാദമികം)

ഉദ്ദേശ്യം

പ്രകൃതിയുമായി ഇണങ്ങിച്ചേരുന്നതിന്
നിരീക്ഷണപാടവം വളർത്തുന്നതിന്
പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ബോധവാൻമാരാക്കുന്നതിന്

ലക്ഷ്യം

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിന്

| പ്രവർത്തനം | കാലയളവ് | ചുമതല | ടച ചെലവ് | സ്രോതസ് |
|---|---|---|---|---|
| ഔഷധദ്യാനം, ചെറിയകുളം,ഹരിത പാത, പച്ചപന്തൽ, ഒരു കുട്ടിക്ക് ഒരു സസ്യം പദ്ധതി,ജൈവകൃഷിയിടം, പൂന്തോട്ടം, ശലഭോദ്യാനം, വിശ്രമ പഠന മരത്തണലുകൾ ഇവ സജ്ജമാക്കുക | 5 വർഷം | പി.ടി.എ | 5 ലക്ഷം | MLA ഫണ്ട് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ, പി. ടി.എ |

# ഡിജിറ്റൽ ക്ലാസ്റൂം

ഉദ്ദേശ്യം

ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പഠനം ലഭ്യമാക്കുക

ലക്ഷ്യം

കുട്ടിയുടെ സമഗ്ര വിദ്യാഭ്യാസ പുരോഗതി

| പ്രവർത്തനം | കാലയളവ് | ചുമതല | ചെലവ് | സ്രോതസ് |
|---|---|---|---|---|
| ആവശ്യമായ കമ്പ്യൂട്ടറുകൾ ബ്രോഡ്ബാന്റ് കണക്ഷൻ, ആവശ്യമായ ഫർണിച്ചർ, പ്രൊജക്ടർ, ഡിജിറ്റൽ ബോർഡ് എന്നിസജ്ജീകരിച്ച ക്ലാസ്റൂമുകൾ | 5 വർഷം 2017-22 | പി.ടി.എ | 16 ലക്ഷം | എം.എൽ.എ ഫണ്ട് എസ്.എസ്.എ പൂർവ്വ വിദ്യാർത്ഥി സംഘടന |

# കലാപഠനം

## ആമുഖം

കലാപഠനത്തിന് ഇന്നും മറ്റുവിഷയങ്ങളുടേതുപോലുള്ള പ്രാധാന്യം ലഭിക്കുന്നില്ല. കലാപഠനം മറ്റുവിഷയങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്നും അത് മറ്റുവിഷയങ്ങളുടെ പഠനത്തെ സഹായിക്കും എന്നുമുള്ള തിരിച്ചറിവ്  നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളോ അനുഭവങ്ങളോ ലഭ്യമാക്കുന്നില്ല.
2. കലാപഠനവുമായി ബന്ധപ്പെട്ട് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും കാണാൻ കഴിയുന്നില്ല.
3. കലാപഠനവുമായി ബന്ധപ്പെട്ട ഇനങ്ങളിൽ പരിശീലനം നൽകാൻ വിദഗ്ദ്ധരില്ല
4. പഠന പ്രവർത്തനങ്ങളിലും ദിനാചരണത്തിന്റെയും ഭാഗമായി കലാപരിപാടികൾ ഉദ്ഗ്രഥിക്കുന്നില്ല.

## പ്രവർത്തന പദ്ധതി വിശകലനം

പ്രശ്നം : 1. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല

പ്രവർത്തനം : പ്രാദേശിക വിഭവ ഭൂപടം

ലക്ഷ്യം : കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകൾ വളർത്തുന്നതിന് പ്രാദേശിക വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ആശയ രൂപീകരണം | സ്കൂൾ വികസനസമിതി | ജൂൺ 2018 | | |
| 2. വിവരശേഖരണം | സ്കൂൾ വികസനസമിതി | ജൂൺ - ആഗസ്റ്റ് | | പി.ടി.എ |
| 3. സ്കൂൾതല പദ്ധതിയുമായി ബന്ധിപ്പിച്ച് വിഭവങ്ങളെ ക്രമീകരിക്കൽ - പട്ടികപ്പെടുത്തൽ | സ്കൂൾ വികസനസമിതി | സെപ്റ്റംബർ | | പി.ടി.എ |
| 4. പ്രാദേശിക വിഭവഭൂപടം തയ്യാറാക്കൽ | സ്കൂൾ വികസനസമിതി | 2018 ഒക്ടോബർ | | പി.ടി.എ |

പ്രശ്നം :2 കലാപഠനവുമായി ബന്ധപ്പെട്ട ഇനങ്ങളിൽ പരിശീലനം നൽകാൻ വിദഗ്ദ്ധരില്ല

പ്രവർത്തനം : ടാലന്റ് ലാബ്

ലക്ഷ്യം : എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

| | | | | |
|---|---|---|---|---|
| 1.കലാപഠനവുമായി ബന്ധപ്പെട്ട മേഖലകളിലെ വിവിധ ഇനങ്ങളുടെ പട്ടിക തയ്യാറാക്കൽ | അധ്യാപകർ | ജൂൺ -2018 | | |
| 2. കുട്ടികളുടെ താലപര്യമുള്ള മേഖല കണ്ടെത്തൽ | അധ്യാപകർ,വിദഗ്ദ്ധർ | ജൂലൈ 2018 | | |
| 3. കുട്ടികളെ ഗ്രൂപ്പാക്കൽ - ചുമതല നൽകൽ | പി.ടി.എ, സ്കൂൾ വികസന സമിതി | ജൂലൈ | | |
| 4.വിദഗ്ദ്ധരെ കണ്ടെത്തൽ പരിശീലനം നൽകൽ(ഒഴിവുദിവസം) | സ്കൂൾ വികസന സമിതി | ജൂലൈ 2-ാം വാരം | 25,000 | വിദ്യാലയ വികസന സമിതി |
| 5. പ്രവർത്തനം - വിലയിരുത്തൽ | സ്കൂൾ വികസന സമിതി | പ്രതിമാസം | | |

മേഖല : അക്കാദമികം

പ്രശ്നം : കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

പ്രവർത്തനം : സ്കൂൾ വാർഷികം

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. വിവിധ ഗ്രൂപ്പുകളാക്കൽ ഇനങ്ങൾ നിശ്ചയിക്കൽ | ക്ലാസ് അധ്യാപകൻ | ഡിസംബർ | | പി.ടി.എ |
| 2. പരിശീലനം നൽകൽ | ടാലന്റ് ലാബ് | ഡിസംബർ അവധികാലം മുതൽ | | പി.ടി.എ |
| 3. പി.ടി.എ, എസ്.എം.സി. എം.പി.ടി.എ വിദ്യാലയ വികസനസമിതി ഇവരുടെ സംയുക്ത യോഗം | ഹെഡ്മിസ്ട്രസ് SRG കൺവീനർ | ജനുവരി അവസാനവാരം | | പി.ടി.എ |
| 4. വിവിധ കമ്മറ്റികൾ രൂപീകരിക്കൽ (പ്രോഗ്രാം, ഭക്ഷണം, സ്വീകരണം, സാമ്പത്തികം, പബ്ലിസിറ്റി) | ഹെഡ്മിസ്ട്രസ് SRG കൺവീനർ | ജനുവരി അവസാനവാരം | 500/- | പി.ടി.എ |
| 5. കമ്മറ്റികളുടെ പ്രവർത്തനം - ആസൂത്രണം | ഹെഡ്മിസ്ട്രസ് SRG കൺവീനർ | ഫെബ്രുവരി ആദ്യവാരം | | പി.ടി.എ |
| 6. സ്കൂൾ വാർഷികം- സംഘടിപ്പിക്കൽ - ഡോക്യുമെന്റേഷൻ | ഹെഡ്മിസ്ട്രസ് SRG കൺവീനർ | | 50,000/- | പി.ടി.എ |
| 7. വിലയിരുത്തൽ | PTA, വിദ്യാലയ വികസന സമിതി,വിവിധ കമ്മറ്റികൾ പി.ടി.എ | അവസാന വാരം മാർച്ച് ആദ്യവാരം | | പി.ടി.എ |

# പരിഹാര പ്രവർത്തനം – വിശദാംശങ്ങൾ

1. പ്രാദേശിക വിഭവഭൂപടം

സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ നിരവധി മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ കണ്ടെത്തി - വ്യക്തികൾ, സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിങ്ങനെ വിശദാംശങ്ങൾ രേഖപ്പെടുത്തണം. തുടർന്ന് വിദ്യാലയ വികസന പദ്ധതിയിലെ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തണം.

2. ടാലന്റ് ലാബ്

കുട്ടികൾ വ്യത്യസ്ത കഴിവുകൾ ഉള്ളവരാണ്. സ്കൂൾ പ്രവേശനസമയത്തു തന്നെ അവർക്ക് താല്പര്യമുള്ള മേഖല ചോദിച്ച് രേഖപ്പെടുത്തുക. സ്കൂൾ തുറന്നയുടൻ കലാപഠനവുമായി ബന്ധപ്പെട്ട മേഖലയിലെ ഇനങ്ങളുടെ പട്ടിക തയ്യാറാക്കി പ്രദർശിപ്പിക്കുക. തെരഞ്ഞെടുത്ത ഇനങ്ങൾക്കനുസരിച്ച് ഗ്രൂപ്പാക്കി, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ആവശ്യമായ പരിശീലനം നൽകണം. മികച്ച കുട്ടികളെ സ്കൂൾ, സബ്ജില്ലാ തല മത്സരങ്ങളിൽ പങ്കെടുപ്പിക്കുക.

3. രക്ഷാകർത്തൃബോധവൽക്കരണം

കലാകായിക പ്രവൃത്തിപരിചയ പഠനത്തിന്റെ പ്രാധാന്യം പ്രോത്സാഹിപ്പിക്കുന്നതിൽ രക്ഷിതാവിന്റെ റോൾ - ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കുന്നു.

## സ്കൂൾ വാർഷികം

കുട്ടികൾ, പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ. ടാലന്റ് ലാബ് , അധ്യാപകർ എന്നിവരുടെ സഹകരണത്തോടെ പരിശീലനം നൽകൽ. മുഴുവൻ വിദ്യാർത്ഥികൾക്കും പങ്കാളിത്തം ഉറപ്പാക്കുന്നു. ഫെബ്രുവരി അവസാനവാരം സംഘടിപ്പിക്കൽ.

### ഡോക്യുമെന്റേഷൻ

സ്കൂളിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനും ദൃശ്യശ്രവ്യമാധ്യമങ്ങളെ സ്കൂളുമായി ബന്ധിപ്പിക്കുന്നതിനും 10 അംഗ ഡോക്യുമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുന്നു. പി.ടി.എ.എസ്.എം.സി, വിദ്യാലയ വികസനസമിതി, പൂർവ്വ വിദ്യാർത്ഥികൾ, കുട്ടികൾ, അധ്യാപകർ എന്നിവരെ കമ്മറ്റിയിൽ ഉൾപ്പെടുത്തി വർഷാരംഭം മുതൽ പ്രവർത്തിക്കുന്നതരത്തിൽ ആസൂത്രണം നടത്തുന്നു.

### ദിനാചരണങ്ങൾ

ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങൾ പൊതുവായും വിഷയാധിഷ്ഠിതമായും തരം തിരിച്ച് പട്ടികപ്പെടുത്തുന്നു.പ്രവർത്തന കലണ്ടർ തയ്യാറാക്കി അതത് വിഷയവുമായി ബന്ധപ്പെട്ട ക്ലബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അതിനായി ജൂൺ മാസം തന്നെ എല്ലാ ക്ലബുകളും രൂപീകരിക്കേണ്ടതാണ്. എല്ലാ കുട്ടികളെയും വിവിധക്ലബുകളിൽ പങ്കാളികളാക്കണം.

# കായിക വിദ്യാഭ്യാസം

## ആമുഖം

ഒരു കുട്ടിയുടെ സർവ്വതോന്മുഖമായ വികാസത്തിന് കായികാഭ്യാസത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. വൈജ്ഞാനിക മേഖലയുടെ അത്രയും പ്രാധാന്യം കായികമേഖലയ്ക്ക് നൽകുന്നില്ല എന്നതും പ്രാധാനമാണ്. അതിനാൽ കായികവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതിനും അവർക്ക് താല്പര്യമുള്ള മേഖലകൾ തെരഞ്ഞെടുത്ത് അവയിൽ മികവുറ്റതാകാൻ അവസരം ഉറപ്പാക്കുകയുമാണ് ഈ പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്

## പ്രശ്നങ്ങൾ

1. വൈജ്ഞാനിക മേഖലയ്ക്ക് നൽകുന്ന പ്രാധാന്യം കായികമേഖലയ്ക്കു നൽകുന്നില്ല.
2. കായിക പ്രവർത്തനങ്ങളിൽ, പരിശീലിപ്പിക്കുവാൻ വേണ്ടത്ര പരിശീലകരില്ല.

## ഭൗതികം

1. കായിക പരിശീലനത്തിന് ആവശ്യമായ ഗ്രൗണ്ടില്ല.

## സാമൂഹികം

നമ്മുടെ പ്രദേശത്തെ കായിക പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാകുന്നില്ല.

മേഖല : അക്കാദമികം

പ്രശ്നം : കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

പ്രവർത്തനം : സ്കൂൾ വാർഷികം

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കായിക<br>1. ക്ലബ് രൂപീകരണം | കൺവീനർ,PET ടീച്ചർ | ജൂൺ | | പി.ടി.എ |
| കായികമേഖലയിൽ | PET ടീച്ചർ ,അദ്ധ്യാപകർ | ജൂൺ 2-ാംവാരം | | പി.ടി.എ |
| 2. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരെ കണ്ടെത്തൽ, ഇനം നിശ്ചയിക്കൽ | | ജൂൺ 3-ാം വാരം | | പി.ടി.എ |
| 3.ആഴ്ചയിൽ പരിശീലനം | PET ടീച്ചർ | ആഗസ്റ്റ് 3-ാം ആഴ്ച സെപ്റ്റംബർ | 1000/- | പി.ടി.എ |
| 4. സ്കൂൾ തല കായിക മേള | അധ്യാപകർ, PTA,MPTA | | | |
| 5.പഞ്ചായത്ത്, സബ്ജില്ലാതലമേളകളിൽ പങ്കെടുപ്പിക്കൽ | അധ്യാപകർ, PTA,MPTA | ഒക്ടോബർ | 1000/- | പി.ടി.എ |
| 6. സൈക്കിൾ പരിശീലനം | കുട്ടികൾ, കൺവീനർ | ആഗസ്റ്റ് മുതൽ | | പി.ടി.എ |
| 7. കരാട്ടേ പരിശീലനം | കുട്ടികൾ, കൺവീനർ | | | പി.ടി.എ,രക്ഷിതാക്കൾ |
| 8. യോഗ്യത നേടിയ വരെ ആദരിക്കൽ | പരികീലകൻ, കൺവീനർ, HM | ഫെബ്രുവരി അവസാനവാരം | | രക്ഷിതാക്കൾ |

## പ്രവർത്തനങ്ങൾ - വിശദാംശം.

### 1. കായികക്ലബ്

സ്കൂളിലെ താല്പര്യമുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ക്ലബ് രൂപീകരിക്കുന്നു. കായിക ശില്പശാല നടത്തി താല്പര്യമുള്ള കായിക ഇനം തെരഞ്ഞെടുക്കുന്നു. ആഴ്ചയിൽ ഒരു ദിവസം പരിശീലനം നൽകുന്നു. രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ ഇവരുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ടീം പരിശീലനത്തിന് നേതൃത്വം നൽകുന്നു. സ്കൂൾ തല കായികമേള സംഘടിപ്പിക്കുന്നു.

### 2. സൈക്കിൾ പരിശീലനം

താല്പര്യമുള്ള കുട്ടികൾക്ക് സൈക്ക്ളിംഗ് അറിയാവുന്ന കുട്ടികളെ ഉപയോഗപ്പെടുത്തി പരിശീലനം നൽകുന്നു.

### 3. കരാട്ടെ പരിശീലനം

കരാട്ടേ യിൽ താല്പര്യമുള്ള കുട്ടികൾക്ക് ഒരു പരിശീലകന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു.

# സാമൂഹിക പങ്കാളിത്തം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ അക്കാദമിക പ്രവർത്തനങ്ങളും ഭൗതികസൗകര്യങ്ങളും ഫലപ്രദമായി ഒരുക്കണമെങ്കിൽ സാമൂഹിക പിന്തുണ ആവശ്യമാണ്. ഇതിനായി നിലവിലുള്ള അദ്ധ്യാപകരക്ഷാകർതൃസമിതി,സ്കൂൾ മാനേജ്മെന്റ് കമ്മറ്റി, വിദ്യാലയ വികസന സമിതി, മാതൃസമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന, സാമൂഹിക സഹായ സംവിധാനങ്ങളുടെ പ്രവർത്തനം ഇവ സ്കൂൾ പദ്ധതിയുമായി ഏകോപിപ്പിക്കണം. ഈ സമിതികളുടെ യോഗം 2 മാസത്തിലൊരിക്കൽ കൂടി സ്കൂൾ  പദ്ധതിയിലെ പ്രവർത്തനങ്ങളുടെ ആസൂത്രണം വിഭവസമാഹരണം, നടത്തിപ്പ് വിലയിരുത്തൽ ഇവ ഏറ്റെടുക്കാവുന്നവ ഏറ്റെടുത്ത് സഹായിക്കാൻ വിദ്യാലയ വികസനസമിതി ചുമതല ഏൽപിക്കുന്നു.

**പ്രശ്നങ്ങൾ**

1. വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

പ്രശ്നം : ക്ലാസ് പി.ടി.എ.കളിൽ മുഴുവൻ പങ്കാളിത്തവും ഉറപ്പാക്കാൻ കഴിയുന്നില്ല

ലക്ഷ്യം : പി.ടി.എ.കളിൽ പങ്കാളിത്തം ഉറപ്പാക്കുക. കുട്ടികളുടെ പഠനനേട്ടവും പഠനനിലയും രക്ഷിതാക്കളുമായി പങ്കുവയ്ക്കുക.

പ്രവർത്തനം : സൗഹൃദം (പ്രാദേശിക പി.ടി.എ)

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഓരോ ടേമിലും രക്ഷിതാക്കളെ വിളിക്കുന്നതിനുള്ള സമയം സ്ഥലം ഇവ നിശ്ചയിക്കുക | കൺവീനർ | ആഗസ്റ്റ് | | പി.ടി.എ |
| 2. രക്ഷിതാക്കളെ ഒരാഴ്ച മുമ്പ് വിവരം അറിയിക്കുക. | SRG /ക്ലാസ് അധ്യാപകൻ | | | |
| 3. അജണ്ട ഉൾപ്പെടെ നോട്ടീസ് തയ്യാറാക്കി വിവരം അറിയിക്കുക. | SRG /ക്ലാസ് അധ്യാപകൻ | | | |
| 4. യോഗം സംഘടിപ്പിക്കൽ | SRG /ക്ലാസ് അധ്യാപകൻ | ഓരോ ടേമിലും | 10,000 | പി.ടി.എ |

മേഖല : സാമൂഹ്യ പങ്കാളിത്തം
പ്രവർത്തനം : സഹവാസക്യാമ്പ്
ലക്ഷ്യം : കുട്ടികളെ സംഘബോധവും സാമൂഹിക പങ്കാളിത്തവും നേതൃത്വ ഗുണവും ഉള്ളവരാക്കി മാറ്റുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് | അദ്ധ്യാപകൻ | Dec. 26,27 | | PTA |
| 2. പൊതുവിദ്യാഭ്യാസം രക്ഷിതാക്കൾക്കുള്ള പങ്ക് | പി.ടി.എ | Dec. 26,27 | 15,000 Rs/- | വിദ്യാലയവികസന സമിതി<br>BRC<br>പഞ്ചായത്ത്<br>വ്യക്തികൾ<br>സ്ഥാപനങ്ങൾ |
| 3. Hello English | | Dec. 26,27 | | |
| 4. Field trip | | Dec. 26,27 | | |
| 5. ഗണിതം - മധുരം | | Dec. 26,27 | | |
| 6. യോഗ ക്ലാസ് | | Dec. 26,27 | | |
| 7. മന: ശാസ്ത്ര വിദഗ്ദ്ധന്റെ ക്ലാസ് | | Dec. 26,27 | | |

## സൗഹൃദം - പ്രാദേശിക പി.ടി.എ

കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുവാൻ ക്ലാസ് പി.ടി.എ. കളിൽ പങ്കെടുക്കാൻ പല രക്ഷിതാക്കൾക്കും പ്രയാസമുള്ളതായി കണ്ടെത്താൻ കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തെയും ഇരുപതോളം കുട്ടികൾ ഉൾപ്പെടുന്ന പ്രദേശത്തെ രക്ഷിതാക്കളെ ഓരോ ക്ലസ്റ്ററുകളായി പരിഗണിച്ച് പ്രാദേശിക പി.ടി.എ യോഗങ്ങൾ സംഘടിപ്പിക്കുന്നു. മുഴുവൻ അധ്യാപകരും ആ പ്രദേശത്തെ രക്ഷിതാക്കളും ആ യോഗത്തിൽ പങ്കെടുക്കുണം.

## സഹവാസ ക്യാമ്പ്

ക്രിസ്തുമസ് - അവധികാലത്ത് 2 ദിവസം 4,5 ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ക്യാമ്പ് സംഘടിപ്പിക്കുന്നു. എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ടും മനശാസ്ത്രം, യോഗ, ബോധവൽക്കരണ ക്ലാസുകൾ -(വിദഗ്ദ്ധരുടെ ക്ലാസുകൾ) ഇവ നടത്തുന്നു. ഫീൽഡുട്രിപ്പും ഉണ്ടായിരിക്കും. പി.ടി.എ, എം.പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാലയ വികസനസമിതി, മുഴുവൻ അധ്യാപകർ ഇവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു.

# അക്കാദമിക് പ്ലാൻ– അറബിക്

## ഗവ : എൽ പി സ്കൂൾ ചമൽ

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അറബിക് മധുരം:<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന:<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | വായനാ ലോകം<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | 1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>2. ക്ലാസ്സ് വായന:<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | സമാഹരണം:<br><br>◎ അറബിക് അദ്ധ്യാപകർ<br>◎ റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>◎ ഭാഷാ സ്നേഹികൾ<br>◎ നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>◎ ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>◎ സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>◎ സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉത്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പത്തനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഅ) എഴുത്തുകളാണ.<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികൾക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

# സങ്കലിത വിദ്യാഭ്യാസം(IEDC)

## ആമുഖം

എല്ലാ വിഭാഗം കുട്ടികളുടെയും സർവ്വതോന്മുഖമായ വികാസമാണ് നമ്മുടെ പാഠ്യപദ്ധതിയുടെ ലക്ഷ്യം. എല്ലാ വിഭാഗം കുട്ടികൾക്കും അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ഒരുക്കേണ്ടത് അധ്യാപകരുടെ കടമയാണ്.

## പ്രശ്നങ്ങൾ

1. ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യപദ്ധതി, പാഠപുസ്തകം, പഠന പ്രക്രിയ ഇവ നിലവിലില്ല.

മേഖല : അക്കാദമികം
പ്രശ്നം :ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യപദ്ധതി, പാഠ പുസ്തകം, പഠനപ്രക്രിയ നിലവിലില്ല.
പ്രവർത്തനം : അനുരൂപീകരണ ശില്പശാല
ലക്ഷ്യം : ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനപ്രവർത്തനം ഫലപ്രദമാക്കുന്നതിന് അനുയോജ്യമായ പഠനപ്രവർത്തനങ്ങളും പ്രക്രിയയും തയ്യാറാക്കി കുട്ടികളിൽ പഠനനേട്ടം ഉറപ്പാക്കുന്നതിന്

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. അധ്യാപകർക്ക് അനുരൂപീകരണം സംബന്ധിച്ച് പരിശീലനം (അനുരൂപീകരണ ശില്പശാല) | ആർ.ടി<br>എസ്.ആർ.ജി | ആഗസ്റ്റ് ആദ്യവാരം | | പബി.ആർ.സി<br>പി.ടി.എ |
| 2. അനുരൂപീകരണങ്ങൾ പാഠാസൂത്രണത്തിൽ ഉൾച്ചേർക്കൽ, ക്ലാസിൽ വിനിമയം ചെയ്യൽ | ക്ലാസ് അധ്യാപകർ, ആർ.ജി | ആഗസ്റ്റ് മുതൽ | | |
| 3. ക്ലാസ് മോണിറ്ററിംഗ് | പ്രഥമാധ്യാപകൻ | ആഗസ്റ്റ് | | |
| 4. അവലോകനം റിപ്പോർട്ടിംഗ് | പ്രഥമാധ്യാപകൻ | മാർച്ച് | | |
| 5. തുടർപരിപാടികൾ | ആർ.ടി. ടീച്ചർ | പ്രതിമാസം | | |
| 6. പാഠാസുത്രണവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം | ആർ.ടി.ക്ലാസ് ടീച്ചർ | ശനി | | പി.ടി.എ |
| 7. വിനിമയം, ഫലപ്രാപ്തി വിശകലനം. | പ്രഥമാധ്യാപിക | ഫെബ്രുവരി | | പി.ടി.എ |

# പരിഹാര പ്രവർത്തനം - വിശദാംശങ്ങൾ

**1. അധ്യാപക പരിശീലനം**

ഭിന്നശേഷിക്കാരുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് ഓരോ അധ്യാപകനും കഴിയണം. ഇതിന് സഹായകമായ പരിശീലനം ലഭ്യമാക്കണം. പാഠഭാഗങ്ങൾ അനുരൂപീകരിക്കുന്നതിലും ഭിന്നനിലവാരക്കാരുടെ പരിഗണന ഉറപ്പാക്കിക്കൊണ്ടും അധ്യാപകർക്ക് അനുഭവാധിഷ്ഠിത പരിശീലനം ലഭിക്കണം.

**2. അനുരൂപീകരണ ശില്പശാല**

പാഠഭാഗങ്ങൾ ഭിന്നശേഷിക്കാർക്കായി അനുരൂപീകരണം നടത്തുന്നതിനായി സ്കൂൾതല ശില്പശാല വിദഗ്ദ്ധരുടെ സഹായത്തോടെ നൽകുന്നു. തുടർന്ന് അധ്യാപകർ സ്വയം അനുരൂപീകരണ സാധ്യതകൾ പരിഗണിച്ച് ആസൂത്രണം നടത്തണം.

**രക്ഷാകർതൃബോധവൽക്കരണം**

ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്ക് ഓരോ ടേമിലും ഏകദിനബോധവൽക്കരണ പരിപാടി സംഘടിപ്പിക്കണം.